LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകളിലെയും സൊസൈറ്റികളിലെയും നിയമനം

116 (501) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ ഏതെല്ലാം ബാങ്കുകളിലും സൊസൈറ്റികളിലും 2011 മുതൽ നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2011 മുതൽ നിയമനം നടന്നിട്ടുള്ള ബാങ്കുകളുടെയും സൊസൈറ്റികളുടെയും പേരുവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ്, ബ്രാഞ്ച് മാനേജർ, ഇന്റേണൽ ഓഡിറ്റർ, അക്കൗണ്ടന്റ്, ക്ലാർക്ക്/കാഷ്യർ, അപ്രൈസർ, ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്യൂൺ, അറ്റൻഡർ, സെയിൽസ്മാൻ, നൈറ്റ് വാച്ച്മാൻ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ഒഴിവുണ്ട്.

(സി) സബ് സ്റ്റാഫ് തസ്തികയിലേക്ക് ബന്ധപ്പെട്ട സംഘങ്ങളുടെ ഭരണസമിതി ആവശ്യമായ പത്രപരസ്യം നൽകി എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിൽ നിയമനം നടത്തുന്നു. ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേന നിയമാർഹതയും തസ്തികമാറ്റം വഴിയും നിമയനം നടത്തുന്നു.

സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റം

117 (502) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്